പാംപാടി ശുദ്ധജലവിതരണ പദ്ധതി

145 [190]. ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെൻറിൻെറ സഹായത്തോടുകൂടി പാംപാടി, മീനടം, കൂരോപ്പട, അയർകുന്നം എന്നീ പഞ്ചായത്തുകൾക്കുവേണ്ടി നടപ്പിലാക്കാനുദ്ദേശിക്കുന്ന പാംപാടി ശുദ്ധജലവിതരണ പദ്ധതിക്ക് കേന്ദ്രഗവൺമെൻറിൻെറ അംഗീകാരം ലഭിച്ചുവോ ;

(ബി) ഇല്ലെങ്കിൽ എത്രയും വേഗം അംഗീകാരം നേടുവാനും പണികൾ ആരംഭിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) അയർകുന്നം, കൂരോപ്പട, പാംപാടി എന്നീ പ്രശ്നഗ്രാമങ്ങൾ ഉൾപ്പെടുത്തി ഒരു ശുദ്ധജലവിതരണ പദ്ധതിക്ക് കേന്ദ്രഗവൺമെൻറിൻെറ അംഗീകാരം ലഭിച്ചു കഴിഞ്ഞിട്ടുണ്ട്.

കോട്ടയം ശുദ്ധജല വിതരണ പദ്ധതി

146 [191] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിൻെറ സഹായത്തോടുകൂടി നടപ്പിലാക്കുന്ന കോട്ടയം ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനുള്ള കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) എത്രയും വേഗം ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടെൻഡർ വിളിക്കുവാനും പണി ആരംഭിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) ഈ പദ്ധതിയുടെ പ്രാരംഭ നടപടികൾ ത്വരിതഗതിയിൽ നടക്കുന്നുണ്ട്. ഈ പദ്ധതിക്കാവശ്യമായ സ്ഥലം വാട്ടർ അതോറിട്ടിക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ ഗവൺമെൻറും, ജില്ലാ കളക്ടറും എടുത്തു വരുന്നുണ്ട്. ലോകബാങ്ക് പ്രോജക്ടിലെ ആദ്യത്തെ 5 ടെൻഡറുകൾക്ക് അവരുടെ അംഗീകാരം ലഭിച്ചു കഴിഞ്ഞു. ഇവയിൽ കോട്ടയം പദ്ധതിയുടെ ട്രീറ്റ്മെൻറ് പ്ലാൻറിൻെറയും ഒരു ടാങ്കിൻെറയും ടെൻഡർ ഉൾപ്പെടുന്നു. ഈ രണ്ട് ജോലികൾക്കും വേണ്ട ടെൻഡർ വിളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിക്ക് ആവശ്യമായ പൈപ്പുകൾ വാങ്ങുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരികയാണ്.

സ്പെഷ്യൽ കംപോണൻറ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ശുദ്ധജലവിതരണ പദ്ധതി

147 [192] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഫറോക്ക് പഞ്ചായത്തിലെ പുഴക്കര കരുവൻതുരുത്തി എന്നീ പ്രദേശങ്ങളിൽ സ്പെഷ്യൽ കംപോണൻറ്

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയിൽ ഉൾപ്പെടുത്തിയ ശുദ്ധജലവിതരണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ;

(ബി) ഈ പദ്ധതി എന്നത്തേയ്ക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ, ബി) സ്പെഷ്യൽ കംപോണന്റ് പ്ലാനിലെ ശുദ്ധജലവിതരണ പദ്ധതികൾ കളക്ടർമാരാണ് തിരഞ്ഞെടുക്കുന്നതും ഭരണാനുമതി നൽകുന്നതും. ഫറോക്ക് പഞ്ചായത്തിലെ പുഴക്കര പ്രദേശത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന ശുദ്ധജലവിതരണ പദ്ധതിക്കുവേണ്ടിയുള്ള എസ്റ്റിമേറിന് കളക്ടറുടെ ഭരണാനുമതി ലഭിച്ചിട്ടില്ല. പൈങ്കുനിപാടം (കുറുവൻ തുരുത്തി) ശുദ്ധജലവിതരണ പദ്ധതിക്ക് കളക്ടറുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി നടപ്പാക്കുന്നതാണ്.

ശുദ്ധജലവിതരണ പദ്ധതികൾക്കായി 1986-87-ൽ വാങ്ങിയ പൈപ്പുകൾ

148 [193] ശ്രീ. പി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി 1986-87-ൽ പൈപ്പുകൾ വാങ്ങിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ, ബി) അത്യാവശ്യം വേണ്ടിയ പൈപ്പുകൾ വാങ്ങുന്നതിന് ഓർഡർ നൽകിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ ബോണസ്

149. [195] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാർക്ക് ഇക്കഴിഞ്ഞ ഓണത്തിന് നൽകിയ ബോണസ് എത്ര ശതമാനം ആയിരുന്നു ;

(ബി) വാട്ടർ അതോറിറ്റിയിലെ സി. എൽ. ആർ. ജീവനക്കാർക്ക് പ്രസ്തുത ബോണസിന് അർഹതയുണ്ടായിരുന്നോ ;

(സി) കോഴിക്കോട് ജില്ലയിലെ ചില സെക്ഷനുകളിൽ ജോലി നോക്കുന്ന സി. എൽ. ആർ. ജീവനക്കാർക്ക് ബോണസ് നൽകിയില്ലെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 8.33% ബോണസ് നൽകി.

(ബി) ഇക്കാര്യം ഗവൺമെന്റ് തലത്തിൽ പരിശോധനയിലിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly